LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്കൂൾ തുറക്കുന്നതിന് മുമ്പായി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ശുചിത്വം ഉറപ്പാക്കാനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും എല്ലാ പ്രധാനാദ്ധ്യാപകർക്കും നിർദ്ദേശം നൽകിയിരുന്നു. സർക്കാർ സ്കൂളുകൾക്ക് ഇതിനായി മെയിന്റനൻസ് ഗ്രാന്റും നൽകിയിരുന്നു. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക, നബാർഡിൽനിന്നുമുള്ള ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യം ഒരുക്കിവരുന്നു. എയ്ഡഡ് സ്കൂളുകളിൽ ടി സൗകര്യങ്ങൾ ഒരുക്കുവാൻ ബന്ധപ്പെട്ട മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത സംവിധാനം ശരിയായവിധം നടപ്പിലാക്കുന്നതിന് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ സന്ദർശന വേളയിൽ ടി സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**അംഗീകാരമില്ലാത്ത സ്കൂളുകൾ**

29 (1047) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തണമെന്ന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൽ.പി./യു.പി. എന്നിവയുടെ ഘടന പുനർനിർണ്ണയിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

(സി) എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ.ഉ.(കൈ)നമ്പർ154/13/പൊ.വി.വ. തീയതി 3-5-2013 പ്രകാരം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി ഒന്നുമുതൽ അഞ്ച് വരെ ക്ലാസ്സുകളെ പ്രൈമറി വിഭാഗത്തിലും ആറ് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളെ അപ്പർ പ്രൈമറി വിഭാഗത്തിലും ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 6-6-2013-ലെ സർക്കുലർ നമ്പർ എച്ച്1/35486/13 പ്രകാരം 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി.സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി സ്കൂളെന്നും 8-ാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർ നാമകരണം ചെയ്യാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എസ്.എസ്.എ. പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ എല്ലാ പെൺകുട്ടികൾക്കും എസ്.സി.-എസ്.റ്റി. ആൺകുട്ടികൾക്കും ബി.പി.എൽ. വിഭാഗം ആൺകുട്ടികൾക്കും കേന്ദ്ര മാനദണ്ഡ പ്രകാരം സൗജന്യ യൂണിഫോം ഏർപ്പെടുത്തിയിരുന്നു. 2013-14 വർഷം മുതൽ അതേ കാറ്റഗറിയിൽപ്പെട്ട എയ്ഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്കുകൂടി പദ്ധതി വിപുലപ്പെടുത്തി 19-11-2013-ൽ സ.ഉ.(കൈ.) നമ്പർ 298/13 പൊ.വി. പ്രകാരം ഉത്തരവായിരുന്നു. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ മാനദണ്ഡ പ്രകാരം എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിന് കഴിയുന്നതല്ല.

**എ.എസ്.എ.പി.പദ്ധതി**

30 (1048) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിൽ എ.എസ്.എ.പി. പദ്ധതിയുടെ ഭാഗമായി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള ഫയലുകൾ ഏതെല്ലാമാണ്; വിശദമാക്കാമോ ;

(സി) ഈ അദ്ധ്യയന വർഷം മഞ്ചേരി സ്കിൽ പാർക്ക് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ജി.എച്ച്.എസ്.എസ്. പാണ്ടിക്കാടിൽ സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന്റെ ആദ്യ പടിയായി സർവ്വേ വർക്കുകൾ പൂർത്തീകരിച്ചുവരുന്നു.

(ബി) ഇത് സംബന്ധിച്ച് നിലവിലുള്ള ഫയലിന്റെ നമ്പർ 36799/സി1/2013/ ഉ.വി.വ. ആണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly